# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3044** — 22.06.2012-ൽ മറുപടിക്ക്

## വെള്ളായണി കാർഷിക കോളേജിലെ അഗ്രികൾച്ചർ ഫാമിലെ തൊഴിലാളി നിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി ജമീലാ പ്രകാശം | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) വെള്ളായണി കാർഷിക കോളേജിന്റെ കീഴിലുള്ള അഗ്രികൾച്ചർ ഫാമിൽ തൊഴിലാളികളായി ജോലി ചെയ്യുന്നതിന് അപേക്ഷ ക്ഷണിച്ചിരുന്നോ; എന്നാണ് അപേക്ഷ ക്ഷണിച്ചിരുന്നത്; | എ) അപേക്ഷ ക്ഷണിച്ചിരുന്നു. 15.07.2010ലെ എഫ്5/556/2010 നംബർ വിജ്ഞാപന പ്രകാരമാണ് അപേക്ഷ ക്ഷണിച്ചത്. |
| ബി) അപേക്ഷകരിൽനിന്നും ആവശ്യത്തിനുള്ള തൊഴിലാളി കളെ തെരഞ്ഞെടുക്കാൻ എന്തൊക്കെ സെലക്ഷൻ നടപടികളാണ് ഇതുവരെ സ്വീകരിച്ചത്; അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ; | ബി) ഉദ്യോഗാർത്ഥികളെ സ്ക്രീനിംഗ് ടെസ്റ്റ്, സ്കിൽ ടെസ്റ്റ്, അഭിമുഖം എന്നിവ യ്ക്ക് വിധേയമാക്കി നിയമനത്തിനായുള്ള സെലക്ട് ലിസ്റ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. സെലക്ഷൻ ലിസ്റ്റിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

| | |
|---|---|
| സി) തൊഴിലാളികളെ തെരഞ്ഞെടു ക്കുന്നതിന് ഇത്രയും കാലതാമസം വരുത്തുന്നതിനുള്ള കാരണമെന്ത്? | സി) 2011-ലെ നിയമസഭാ തെരഞ്ഞെടുപ്പി നോടനുബന്ധിച്ച് പെരുമാറ്റ ചട്ടം പ്രാബല്യത്തിൽ വന്നതും, ഓടക്കാലി സ്റ്റേഷനിൽ 2001-ൽ കാഷ്വൽ തൊഴിലാളികളെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് മറ്റു സ്റ്റേഷനുകളിൽ തൊഴിലാളി കളെ നിയോഗിക്കുന്നതു വിലക്കിയുള്ള കോടതി വിധി നീക്കികിട്ടുന്നതിനുള്ള കാലതാമസവും തൊഴിലാളികളെ തെരഞ്ഞെടുക്കുന്നത് വൈകാൻ കാരണമായി. തുടർന്ന് സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതുമായി ബന്ധപ്പെട്ട കോടതിവിധിയുടെ പശ്ചാത്തലത്തിൽ കോടതിവിധിയുടെ അന്തസ്സത്ത കണക്കിലെടുത്തും സർവ്വകലാശാല അഭിമുഖീകരിക്കുന്ന സാമ്പത്തിക സ്ഥിതിയുടെ പശ്ചാത്തലത്തിലും ഇതു സംബന്ധിച്ച നിയമോപദേശം വാങ്ങി തുടർനടപടികൾ സ്വീകരിക്കുവാൻ സർവ്വകലാശാലയുടെ ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ട്. |

**സെക്ഷൻ ആഫീസർ**

# അനുബന്ധം

## തെരഞ്ഞെടുപ്പു നടത്തിയ രീതി

1. സ്ക്രീനിംഗ് ടെസ്റ്റ്: പുരുഷൻമാർ 100 മീറ്റർ ദൂരം 16 സെക്കന്റ് സമയം കൊണ്ടും സ്ത്രീകൾ 100 മീറ്റർ ദൂരം 20 സെക്കന്റ് സമയം കൊണ്ടും ഓടിയെത്തേണ്ടതാണ്. സ്ക്രീനിംഗ് ടെസ്റ്റ്, യോഗ്യതാ പരീക്ഷയാണ്. ഈ ടെസ്റ്റിൽ വിജയിക്കുന്നവരെ മാത്രമേ മറ്റു ടെസ്റ്റുകൾക്കും പിന്നീട് ഇന്റർവ്യൂവിനും പരിഗണിക്കുകയുള്ളൂ. സ്ക്രീനിംഗ് ടെസ്റ്റിൽ വിജയിക്കാത്തവരെ അയോഗ്യരായി കണക്കാക്കുന്നതാണ്.
2. സ്കിൽ ടെസ്റ്റ്: (20 മാർക്കുവീതം 2 ടെസ്റ്റുകൾ)

   **പുരുഷൻമാർക്ക്:**

   1. കുഴി എടുക്കൽ – അര മണിക്കൂർ സമയത്തിനുള്ളിൽ ഒരു മീറ്റർ വീതിയും താഴ്ചയുമുള്ള പരമാവധി നീളത്തിലുള്ള കുഴി എടുക്കുക. സമയ പരിധിക്കുള്ളിൽ എത്രത്തോളം നീളമുള്ള കുഴി കുഴിയ്ക്കുന്നുവോ, കുഴിയുടെ നീളമായിരിയ്ക്കും മാനദണ്ഡം.
   2. തെങ്ങു കയറ്റം – ആറു മീറ്റർ ഉയരത്തിൽ തെങ്ങിൽ തളപ്പോ, ത്ലാപ്പോ ഉപയോഗിച്ച് കയറുകയും, കയറിയതുപോലെ താഴെ ഇറങ്ങുകയും ചെയ്യണം. കയറി ഇറങ്ങുന്ന സമയമാണ് മാനദണ്ഡം.

   **സ്ത്രീകൾക്ക്:**

   1. കുട്ടയിലുള്ള ഇരുപതു കിലോ മണ്ണ് സ്വയം തലയിൽ വച്ച് ഒരു മിനിറ്റ് സമയം നിർദ്ദേശങ്ങളനുസരിച്ച് നടക്കുക. കൂടുതൽ നടക്കുന്ന ദൂരമാണ് മാനദണ്ഡം.
   2. നൽകുന്ന ആറ് ഇഞ്ച് വലിപ്പമുള്ള പോളിത്തീൻ കവറിൽ നിർദ്ദേശങ്ങളനുസരിച്ച് പോട്ടിംഗ് മിശ്രിതം നിറയ്ക്കുക. പത്തു മിനിറ്റിനുള്ളിൽ പരമാവധി കവറുകൾ നിറയ്ക്കുന്നതായിരിക്കും. മാനദണ്ഡം.
   3. അഭിമുഖം: സ്കിൽ ടെസ്റ്റിനുശേഷം ഉദ്യോഗാർത്ഥികൾ സെലക്ഷൻ കമ്മിറ്റി മുൻപാകെ അഭിമുഖത്തിന് ഹാജരാകേണ്ടതാണ് (10 മാർക്ക്).